പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 140** | **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നടത്തിപ്പ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഒ. ജെ. ജനീഷ്

(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കേരള യൂണിവേഴ്സിറ്റി പാട്ടത്തിന് നൽകിയ ഭൂമിയിൽ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മിച്ചതിന് സർക്കാരിൽ നിന്ന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്റ്റേഡിയത്തിൽ നിന്നും സർക്കാരിന് നേരിട്ട് ഏതെങ്കിലും തരത്തിലുള്ള വരുമാനം ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം പൊതുസ്വകാര്യ പങ്കാളിത്ത (PPP) മാതൃകയിൽ ആന്വിറ്റി അടിസ്ഥാനത്തിലുള്ള "Design, Build, Operate, and Transfer (DBOT)"മാതൃകയിലാണ് നടപ്പിലാക്കിയിട്ടുള്ളത്. കേരള സർവ്വകലാശാലയാണ് പദ്ധതിക്കായി ഭൂമി നൽകിയത്, അതേസമയം സ്റ്റേഡിയത്തിന്റെ വികസനത്തിനും നിർമ്മാണത്തിനും ധനസഹായം നൽകിയത് ഐ.എൽ&എഫ്.എസ് (IL&FS) ആണ്. സ്റ്റേഡിയം നിർമ്മാണത്തിനായി യാതൊരു തുകയും സർക്കാർ നൽകിയിട്ടില്ല. 15 വർഷത്തെ Concession period ലേക്കാണ് പദ്ധതി നടപ്പാക്കുന്നത്. കൺസെഷൻ കരാറിലെ വ്യവസ്ഥകൾ പ്രകാരം, പ്രവർത്തന കാലയളവിൽ കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡിന് (KSFL) വാർഷിക തുക (annuity payments) നൽകാൻ കേരള സർക്കാർ ബാധ്യസ്ഥരാണ്. 2019-2020 വരെയുള്ള 186.95 കോടി രൂപ കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡ്(KSFL)ന് അനുവദിച്ചിട്ടുണ്ട്. വരുമാന വിഹിതമായി സർക്കാരിന് തുകയൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

**(ബി)** കേരള യൂണിവേഴ്സിറ്റിക്ക് പാട്ടത്തുക നൽകേണ്ടത് ആരാണെന്നും ഇതുവരെ എത്ര തുക പ്രസ്തുത ഇനത്തിൽ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരള യൂണിവേഴ്സിറ്റിയുടെ 37 ഏക്കർ ഭൂമി പാട്ടത്തിന് എടുത്താണ് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മിച്ചത്. സർവ്വകലാശാലയ്ക്ക് പാട്ടത്തുക നൽകേണ്ട ബാധ്യത നിലവിൽ സംസ്ഥാന കായിക വകുപ്പിനാണ്. പാട്ടക്കരാർ പ്രകാരം 2012 ഡിസംബർ മുതൽ 2018 നവംബർ വരെയുള്ള ആദ്യ ആറ് വർഷത്തേക്ക്, ആകെ പാട്ടത്തുകയും, ബാധകമായ നികുതികളും ഉൾപ്പെടെ 6,08,83,680/-രൂപ കേരള യൂണിവേഴ്സിറ്റിക്ക് സർക്കാർ നൽകിയിട്ടുണ്ട്.

**(സി)** സ്റ്റേഡിയത്തിന്റെ പ്രവർത്തനം, പരിപാലനം, മേൽനോട്ടം എന്നിവയ്ക്കായി സർക്കാരിന്റേതായ ഒരു സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിൽ ഒരു സംവിധാനം രൂപീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ പീരിയോഡിക്ക് സൈറ്റ് ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിരുന്നു. ഗ്രീൻഫീൽഡ് സ്റ്റേഡിയവുമായി ബന്ധപ്പെട്ട് കോടതിയിൽ വ്യവഹാരം നിലവിലുണ്ട്. ആയതിനാൽ എല്ലാ വശങ്ങളും പരിശോധിച്ച് ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

**(ഡി)** സ്റ്റേഡിയത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വരവ്-ചെലവ് കണക്കുകളുടെ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സ്റ്റേഡിയത്തിന്റെ നടത്തിപ്പുകാരായ കെ എസ് എഫ് എല്ലിന്റെ വരവ് ചെലവ് കണക്കുകളുടെ ഇന്റേർണൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റുകൾ എല്ലാ വർഷവും നടത്തി വരുന്നുണ്ട്. സ്റ്റേഡിയത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കായിക യുവജന കാര്യാലയത്തിൽ നിന്നും വരവ്-ചെലവ് കണക്കുകളുടെ ഓഡിറ്റ് നടത്തിയിട്ടില്ല.

**(ഇ)** സ്റ്റേഡിയത്തിന്റെ നിലവിലെ നടത്തിപ്പ് ചുമതലയുള്ള കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തന രീതി വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. കൺസെഷൻ കരാർ പ്രകാരം, 2027 ഡിസംബർ വരെ സ്റ്റേഡിയം പരിസരത്തിന്റെ പ്രവർത്തനങ്ങളും നടത്തിപ്പും കൈകാര്യം ചെയ്യാനുള്ള ചുമതല കെ എസ് എഫ് എല്ലിനാണ് . കൺസെഷൻ കരാറിലെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് കെ.എസ്.എഫ്.എൽ പ്രസ്തുത പ്രവർത്തനം തുടരുന്നത്.

**(എഫ്)** സ്റ്റേഡിയത്തിലെ ധാരാളം മുറികൾ ഉപയോഗിക്കാതെ പൂട്ടിയിട്ടിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** നിലവിൽ മുറികൾ ഉപയോഗിക്കാതെ പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ജി)** നിലവിൽ സ്റ്റേഡിയം മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനായി കേരള ക്രിക്കറ്റ് അസോസിയേഷന് കൈമാറിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സ്റ്റേഡിയം, മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനായി കേരള ക്രിക്കറ്റ് അസോസിയേഷന് കൈമാറിക്കൊണ്ട് സർക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡ്(KSFL)-ഉം കേരള ക്രിക്കറ്റ് അസോസിയേഷനും തമ്മിൽ നിലവിലുള്ള 07.09.2016 ലെ Venue Hire കരാർ പ്രകാരം കേരള ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിലെ Field of Play (FOP) പരിപാലിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**